**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1207** **30-06-2026-ൽ മറുപടിയ്ക്ക്**

**ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി ഈ വർഷവും സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ ആയതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**മറുപടി:** സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഓണക്കാലത്ത് നമ്മുടെ വീട്ടുവളപ്പിൽ നിന്നും സുരക്ഷിതമായ പച്ചക്കറികളും, പൂക്കളും ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി സമഗ്ര പച്ചക്കറി-പുഷ്പ ഉൽപ്പാദന യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി "ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം" ഈ വർഷം നടപ്പിലാക്കുന്നു. പ്രസ്തുത പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം സെക്രട്ടറിയേറ്റ് അങ്കണത്തിൽ പച്ചക്കറി നട്ട് കൊണ്ട് ബഹു. മുഖ്യമന്ത്രി തുടക്കം കുറിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടിയുടെ ഭാഗമായി സങ്കരയിനം പച്ചക്കറി വിത്തുകളുടെയും, അത്യുല്പാദനശേഷിയുള്ള വിവിധയിനം പച്ചക്കറിവിത്തുകളുടെയും പച്ചക്കറി തൈകളുടെയും വിതരണം ആരംഭിച്ചിട്ടുണ്ട്. ഓണനാളുകളിൽ പച്ചക്കറിയുടെ ലഭ്യത സുലഭമാക്കുന്നതിനായും വിപണിയിൽ ഉണ്ടായേക്കാവുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിനുമായി ടി പരിപാടിയിലൂടെ ആവശ്യമായ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, വനിതകൾ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങി പൊതു സമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

അത്യുല്പാദന ശേഷിയുള്ള പച്ചക്കറി വിത്തുകൾ, കൃഷി വകുപ്പ് ഫാമുകൾ, വി.എഫ്.പി.സി.കെ., കേരള കാർഷിക സർവ്വകലാശാല, നാഷണൽ സീഡ് കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും, പച്ചക്കറി തൈകൾ കൃഷി വകുപ്പ് ഫാമുകൾ, വി.എഫ്.പി.സി.കെ., കേരള കാർഷിക സർവ്വകലാശാല, അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മസേന, ബി.എൽ.എഫ്.ഒ. നഴ്സറി തുടങ്ങിയ വിവിധ ഏജൻസികളാണ് വിതരണത്തിന് തയ്യാറാക്കുന്നത്.

**സെക്ഷൻ ഓഫീസർ**